## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3151 10.05.2017 ൽ മറുപടിയ്ക്ക്

### മാവേലി സ്റ്റോറുകളിൽ അവശ്യ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിന് നടപടി

ചോദ്യം

ശ്രീ.പി. ഉണ്ണി :

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാവേലിസ്റ്റോറുകളിൽ കൂടുതൽ അവശ്യ സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വിതരണം ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ; | (എ) | സ്ഥല ദൗർലഭ്യം ഉള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിനും ആവശ്യനുസരണം സാധനങ്ങൾ എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യസാധനങ്ങൾ വില്പന ശാലകളിൽ എത്തിക്കുന്നു. കൂടാതെ ആവശ്യമായ സന്ദർഭങ്ങളിൽ ഒരു ഡിപ്പോയിൽ നിന്നും മറ്റു ഡിപ്പോകളിലേയ്ക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കുവാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വില്പന ശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകളും, ഇന്റേണൽ ഓഡിറ്റ് വിഭാഗവും ജൂനിയർ മാനേജർമാരും (മാർക്കറ്റിംഗ്&ഇൻസ്പെക്ഷൻ) വില്പന ശാലകളിൽ പരിശോധന നടത്തുന്നു. |
| (ബി) | ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ അവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | മാവേലി സ്റ്റോറുകൾ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് ഊർജ്ജിത ശ്രമങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ